**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3196** **11-03-2025 - ൽ മറുപടിയ്ക്ക്**

**യു.ഐ.ഡി ഇൻവാലിഡ് ആയ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2023-24, 2024-25 അധ്യയന വർഷങ്ങളിൽ ആധാറിൽ ഉണ്ടായ തെറ്റുകളും മറ്റ് കാരണങ്ങളാലും യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള എത്ര വിദ്യാർത്ഥികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഉണ്ടായിരുന്നു എന്ന വിവരം ജില്ല, വിദ്യാലയം, ക്ലാസ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത അധ്യയന വർഷങ്ങളിൽ യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് ലഭ്യമാകേണ്ടിയിരുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കിയിരുന്നോ എന്ന് അറിയിക്കാമോ; | (ബി) | ലഭ്യമാക്കിയിട്ടുണ്ട്. UID ഇൻവാലിഡ് ആണ് എന്ന കാരണത്താൽ വിദ്യാർത്ഥികൾക്ക് ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ ഒന്നും തന്നെ തടയുന്നില്ല. |
| (സി) | യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള വിദ്യാർത്ഥികൾക്ക് മറ്റ് കുട്ടികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെങ്കിൽ ഡിവിഷൻ നിർണയിക്കുന്നതിനും നിയമനാംഗീകാരത്തിനും പ്രസ്തുത കുട്ടികളുടെ എണ്ണം കണക്കാക്കിയിരുന്നോ എന്ന് വ്യക്തമാക്കാമോ; | (സി) | കണക്കാക്കിയിട്ടില്ല. KER അധ്യായം 23 ചട്ടം 12 പ്രകാരം ആറാം സാധ്യായ ദിനത്തിൽ റോളിലുള്ള കുട്ടികളിൽ വാലിഡ് UID ഉള്ളവരെയാണ് തസ്തിക നിർണ്ണയത്തിന് അടിസ്ഥാനമാക്കുന്നത്. എന്നിരുന്നാലും UID ഇല്ലാത്തതോ, ഇൻവാലിഡോ ആയ കുട്ടികളുടെ UID വാലിഡ് ആക്കി സമന്വയയിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അവസരം 07/08/2023 വരെ നൽകിയിട്ടാണ് 2023-2024 വർഷം തസ്തികനിർണ്ണയം നടത്തിയത്. UID ഇല്ല എന്നതിന്റെ പേരിൽ സംസ്ഥാനത്ത് ഒരിടത്തും കുട്ടികൾക്ക് സ്കൂൾ പ്രവേശനമോ ആനുകൂല്യങ്ങളോ നിഷേധിച്ചിട്ടില്ല. |
| (ഡി) | ഡിവിഷൻ നിർണയിക്കുന്നതിലും നിയമനാംഗീകാരത്തിനും യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള കുട്ടികളുടെ എണ്ണം പരിഗണിച്ചിട്ടില്ലെങ്കിൽ അക്കാരണത്താൽ ഡിവിഷൻ നഷ്ടവും തസ്തിക നഷ്ടവും സംഭവിച്ച വിദ്യാലയങ്ങളുടെയും നഷ്ടപ്പെട്ട ഡിവിഷനുകളുടെയും തസ്തികകളുടെയും വിശദവിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഇ) | സമ്പൂർണ സോഫ്റ്റ്‌വെയറിൽ ആധാർ നമ്പറും പേരും നൽകുമ്പോൾ ഉണ്ടായിട്ടുള്ള തെറ്റുകൾ തിരുത്താനുള്ള അവസരം മേൽപ്പറഞ്ഞ അധ്യയന വർഷങ്ങളിൽ നൽകിയിരുന്നുവോ എന്ന് വ്യക്തമാക്കാമോ; | (ഇ) | 2023-24 വർഷം 05.08.2023 വരെയും 2024-25 വർഷം 20.06.2024 വരെയും തെറ്റുകൾ തിരുത്താനുള്ള അവസരം സംസ്ഥാന വ്യാപകമായി നൽകിയിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത അധ്യയന വർഷങ്ങളിലെ യു.ഐ.ഡി ഇൻവാലിഡ് ആയിട്ടുള്ള വിദ്യാർത്ഥികളുടെ വിവരം സമ്പൂർണ്ണ സോഫ്റ്റ്‌വെയറിൽ നൽകിയപ്പോൾ സംഭവിച്ച അപാകത തിരുത്തുന്നതിനുള്ള അവസരം നൽകി പ്രസ്തുത കുട്ടികളുടെ എണ്ണം കൂടി കണക്കാക്കി റീ-ഫിക്സേഷൻ നടത്തി അധ്യാപകരുടെ തസ്തിക നഷ്ടം നികത്തുകയും നിയമനാംഗീകാരം നൽകുകയും ചെയ്യുമോയെന്ന് അറിയിക്കാമോ? | (എഫ്) | അപാകതകൾ പരിഹരിക്കുന്നതിന് ന്യായമായ സമയം നൽകിയിട്ടുള്ളതാണ്. വർഷംതോറും ജൂലൈ 15 മുതൽ തസ്തിക നിർണ്ണയം പ്രാബല്യത്തിലാകുന്നതാണ്. KER അധ്യായം 23 ചട്ടം 12 പ്രകാരം ആറാം സാധ്യായ ദിനത്തിൽ റോളിലുള്ള കുട്ടികളിൽ വാലിഡ് UID ഉള്ളവരെയാണ് തസ്തിക നിർണ്ണയത്തിന് അടിസ്ഥാനമാക്കുന്നത് . എന്നിരുന്നാലും UID ഇല്ലാത്തതോ, ഇൻവാലിഡോ ആയ കുട്ടികളുടെ UID വാലിഡ് ആക്കി സമന്വയയിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അവസരം 07/08/2023 വരെ നൽകിയിട്ടാണ് 2023-2024 വർഷം തസ്തികനിർണ്ണയം നടത്തിയത്. |

സെക്ഷൻ ഓഫീസർ